# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2251 — 11.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് സംവിധാനം

**ചോദ്യം**

**ശ്രീമതി പി. അയിഷാ പോറ്റി :**

ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണ സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണഫലങ്ങൾ വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

ഇ-പോസ് മെഷീനിൽ ആധാർ ഓതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന വൺ ടൈം പാസ്‌വേഡ് മുഖേനയോ, ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്തു ലഭിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നുണ്ട്. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏതു റേഷൻ കടയിൽ നിന്നും വേണമെങ്കിലും റേഷൻ വാങ്ങാവുന്നതാണ്. റേഷൻ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇത് സഹായകമാണ്.

*സെക്ഷൻ ഓഫീസർ*